# Quick Revision Questions SSLC 2012

HIBHS Varapuzha

## സമാന്തരശ്രേണി

1. $1$മുതൽ തുടർച്ചയായ എണ്ണൽസംഖ്യകളെ ഓരോന്നിനെയും $3$കൊണ്ട് ഗുണിച്ച് $2$ കൂട്ടിയാൽ കിട്ടുന്ന സംഖ്യാശ്രേണി സമാന്തരശ്രേണിയാകുമോ? ആ ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക. $212$ എന്നസംഖ്യ ആ ശ്രേണിയുടെ ഒരു പദമാകുമോ? ആണെങ്കിൽ അത് എത്രാമത്തെ പദമായിരിക്കും .

2. $\frac{8}{5}, \frac{11}{5}, \frac{14}{5} \cdots$എന്ന സമാന്തരശ്രേണിയുടെ പൊതുവ്യത്യാസം എത്രയാണ് . ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക. ഈ ശ്രേണിയിലെ പൂർണ്ണസംഖ്യകളായ പദങ്ങളുടെ ശ്രേണി സമാന്തരശ്രേണിയാകുമോ? അതിന്റെ പൊതുവ്യത്യാസവും ബീജഗണിതരൂപവും എഴുതുക.

3. $-117, -112, -107 \cdots$ എന്ന സമാന്തരശ്രേണിയുടെ നേർരൂപം എഴുതുക. ഈ ശ്രേണിയുടെ എത്രാമത്തെ പദമാണ് ആദ്യമായി പോസിറ്റീവ് സംഖ്യയാകുന്നത് ? ഈ ശ്രേണിയുടെ നെഗറ്റീവ് സംഖ്യകളായ പദങ്ങളുടെ തുക കണക്കാക്കുക

4. ഒരു പെട്ടിയിൽ ദിവസേനെ $1$രൂപ , $2$രൂപ , $3$ രൂപ എന്ന ക്രമത്തിൽ നിക്ഷേപിക്കുന്നു. $210$ രൂപ പെട്ടിയിൽ ആകെ ഉണ്ടാകാൻ എത്രദിവസം നിക്ഷേപിക്കണം . $1$രൂപ , $3$രൂപ , $5$ രൂപ എന്ന ക്രമത്തിലാണ് നിക്ഷേപിക്കുന്നതെങ്കിൽ എത്ര ദിവസം കൊണ്ട് $400$ രൂപ ഉണ്ടാകും?

5. ഏഴ് പദങ്ങളുള്ള ,പദങ്ങളുടെ തുക 147 ആയ ഒരു സമാന്തരശ്രേണി എഴുതുക.ഇത്തരം എത്ര സമാന്തരശ്രേണികൾ ഉണ്ടാകും ? എന്തുകൊണ്ട് ?

6. ഒരു ചതുർഭുജത്തിന്റെ കോണുകൾ സമാന്തരശ്രേണിയിലാണ് . ഏറ്റവും ചെറിയ കോൺ $18$ഡിഗ്രി. കോണുകൾ കണ്ടെത്തുക

7. ഹൈറേഞ്ചിൽ റോഡുനിർമ്മിക്കുന്നതിന് ഒരാൾ കരാർ എടുത്തു. ആദ്യത്തെ $20$ മീറ്റർ റോഡുനിർമ്മിക്കാൻ $540$രൂപ വേണം. പിന്നീടുള്ള ഓരോ $20$മീറ്ററിനും $40$രൂപ വീതം കൂടുതൽ വേണം. $1$ കിലോമീറ്റർ റോഡുനിർമ്മിക്കാൻ എത്ര രൂപ വേണം ?

8. $3$കൊണ്ടും $2$കൊണ്ടും ഹരിച്ചാൽ ശിഷ്ടം പൂജ്യം വരുന്ന $200$ നും $500$നും ഇടയിലുള്ള സംഖ്യകളുടെ തുക കണക്കാക്കുക

9. ഒരു സമാന്തരശ്രേണിയുടെ $5$മത്തെ പദത്തിന്റെ $5$മടങ്ങ് $12$മത്തെ പദത്തിന്റെ $12$മടങ്ങിന് തുല്യമായാൽ $17$മത്തെ പദം എത്രയായിരിക്കും?

10. ഒരു മട്ടത്രികോണത്തിന്റെ കോണുകൾ സമാന്തരശ്രേണിയിലായാൽ ആവശ്യമുള്ള സമവാക്യങ്ങളും ജ്യാമിതീയ ആശയങ്ങളും ഉപയോഗിച്ച് കോണുകൾ കണ്ടെത്തുക

## വൃത്തങ്ങൾ

1. $ABCD$ഒരു സമഭുജസാമാന്തരീകമാണ്. അതിന്റെ ഒരു വശം വ്യാസമായി വരക്കുന്ന വൃത്തം വികർണ്ണങ്ങൾ കൂട്ടിമുട്ടുന്ന ബിന്ദുവിലൂടെ കടന്നുപോകുമെന്ന് സ്ഥാപിക്കുക

2. $5$സെ.മീറ്റർ ആരമുള്ള ഒരു വൃത്തം വരച്ച് അതിൽ നീളം $8$സെ.മീറ്റർ വരുന്ന ഒരു സമചതുരം നിർമ്മിക്കുക. സമചതുരത്തിന്റെ വീതി എത്രയായിരിക്കും .നിർമ്മിതിയിൽ ഉപയോഗിച്ചിരിക്കുന്ന ജ്യമിതീയതത്വം എഴുതുക

3. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ $OABC$ഒരു സാമാന്തരീകമാണ്. ആവശ്യമുള്ള ജ്യാമിതീയതത്വങ്ങൾ ഉപയോഗിച്ച് സാമാന്തരീകത്തിന്റെ കോണുകൾ കണക്കാക്കുക.



4. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽനിന്നും $\angle BAC + \angle ACB = \angle ADC$ എന്ന് തെളിയിക്കുക.$\angle ADC = 45°$ആയാൽ കോൺ $ABC$എത്രയായിരിക്കും . എന്തുകൊണ്ട് ?




5. ചിത്രത്തിൽ $\angle AOB = x, \angle AFB = y, \angle APY = z$ആയാൽ $x + y = z$എന്ന് തെളിയിക്കുക




6. ചതുർഭുജം $ABCD$യിൽ $\angle A = 40°, \angle B = 3x + 10, \angle C = 4x - 20, \angle D = x + 20$ആയാൽ കോണുകൾ കണക്കാക്കുക. ഇത് ചക്രീയചതുർഭുജമായിരിക്കുമോ? എന്തുകൊണ്ട് ?

7. ഒരു ചതുർഭുജത്തിന്റെ കോണുകൾ യഥാക്രമം $1 : 2 : 3 : 4$ ആയാൽ അത് ചക്രീയചതുർഭുമല്ലെന്ന് സ്ഥാപിക്കുക? അംശബന്ധം ഏതുരീതിയിൽ മാറ്റിയാൽ ഇതോരുചക്രീയചതുർഭുജമാകും?

8. $ABCD$ എന്ന ചതുർഭുജത്തിന്റെ നാല് ശീർഷങ്ങളും ഒരു വൃത്തത്തിലെ ബിന്ദുക്കളാണ്. $\angle A = x^2, \angle C = 12x - 12$ആയാൽ ഈ കോണുകൾ രണ്ടും കണ്ടെത്തുക.

9. ചതുർഭുജം $ABCD$യിൽ $\angle A = 80°, \angle C = 70°, \angle D = 120°$ആണ് . കോൺ $B$ കണക്കാക്കുക.ചതുർഭുജം $ABCD$യുടെ $AC$എന്ന വികർണ്ണം വ്യാസമായി വരക്കുന്ന വൃത്തം $B, D$എന്നീ ബിന്ദുക്കളിലൂടെ കടന്നുപോകുമോ? എന്തുകൊണ്ട് .

10. ഒരു ലംബകത്തിന്റെ വികർണ്ണങ്ങൾ തുല്യമായാൽ അതൊരു ചക്രീയചതുർഭുജമായിരിക്കുമോ? തെളിയിക്കുക

11. സമപാർശ്വലംബകം ചക്രീയമാണെന്ന് തെളിയിക്കുക

12. ചക്രീയലംബകം സമപാർശ്വലംബകമാണെന്ന് തെളിയിക്കുക

13. $\sqrt{7}$സെ.മീറ്റർ നീളമുള്ള ഒരു വര വരക്കുക. ഈ വര വശമായി വരത്തക്കവിധം ഒരു സമചതുരം പൂർത്തിയാക്കുക. സമചതുരത്തിന്റെ പരപ്പളവ് എത്രയായിരിക്കും ?

14. ഒരു ചതുരം വരച്ച് അതിന് തുല്യപരപ്പളവുള്ള സമചതുരം നിർമ്മിക്കുക

15. $AB$ എന്ന വര വ്യാസമായി ഒരു അർദ്ധവൃത്തം ഉണ്ട് . വ്യാസത്തിലെ രണ്ട് ബിന്ദുക്കളാണ് $P, Q$ കൂടാതെ $P$യിൽ നിന്ന് വ്യസത്തിന് വരച്ചിരിക്കുന്ന ലംബം അർദ്ധവൃത്തത്തെ $R$എന്ന ബിന്ദുവിലും $Q$യിൽ നിന്നും വരക്കുന്ന ലംബം അർദ്ധവൃത്തത്തെ $S$എന്ന ബിന്ദുവിലും ഖണ്ഡിക്കുന്നു. $PR = \sqrt{14}, QS = \sqrt{20}$ആയാൽ $AB$യുടെ നീളമാകുന്ന നിസർഗ്ഗസംഖ്യ ഏത് ? ഈ ആശയം കാണിക്കുന്ന ഏകദേശചിത്രം വരക്കുക

16. വൃത്തത്തിലെ രണ്ട് ഞാണുകളാണ് $AB, CD$. ഇവ വൃത്തത്തിനുള്ളിൽ $P$യിൽ ഖണ്ഡിക്കുന്നു . $PA \times PB = PC \times PD$ എന്ന് തെളിയിക്കുക. $P$ വൃത്തത്തിനു പുറത്തായാൽ ഈ ബന്ധം ശരിയാകുമോ? തെളിയിക്കുക.

17. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ $AB \perp CD$ .കൂടാതെ $AB = 5, BD = 4, CD = 9$ആയാൽ $DE$ കണക്കാക്കുക

18. വൃത്തത്തിലെ $AB, CD$ എന്നീ ഞാണുകൾ നീട്ടിയാൽ വൃത്തത്തിനുപുറത്ത് $P$ യിൽ ഖണ്ഡിക്കുന്നു. $AP = CP$ആയാൽ $AB = CD$ എന്ന് തെളിയിക്കുക

19. ചിത്രത്തിൽ വലിയവൃത്തത്തിന്റെ ആരം $13$ സെ.മീറ്റർ , ചെറിയവൃത്തത്തിന്റെ ആരം $8$സെ.മീറ്റർ , $AB$ വലിയവൃത്തത്തിന്റെ വ്യാസവും $BD$ചെറിയവൃത്തത്തിന്റെ തൊടുവരയുമാണ് .$AD$യുടെ നീളം കാണുക




## രണ്ടാംകൃതിസമവാക്യങ്ങൾ

1. രണ്ട് സമചതുരാകൃതിയിലുള്ള കളിസ്ഥലങ്ങളുണ്ട് . അവയിൽ ഒന്നിന്റെ വശം മറ്റേതിന്റെ വശത്തേക്കാൾ $4$യൂണിറ്റ് കൂടുതലാണ് . അവയുടെ പരപ്പളവുകളുടെ തുക $656$ ചതുരശ്രമീറ്റർ ആയാൽ രണ്ട് കളിസ്ഥലങ്ങളുടെയും പരപ്പളവ് കണക്കാക്കുക

2. ഒരു റോൾ പേപ്പറിന്റെ വില $35$ രൂപയാണ് . റോളിൽ $4$മീറ്റർ കൂടുതലും ഒരു മീറ്റർ പേപ്പറിന് വില $1$മീറ്റർ കുറവും ആയാൽ റോളിന്റെ വിലയ്ക്ക് മാറ്റം വരില്ല. റോളിൽ എത്രമീറ്റർ പേപ്പർ ഉണ്ടായിരിക്കും ?

3. ഒരു തീവണ്ടി $200$ മീറ്റർ ദൂരത്തേയ്ക്ക് ഒരേ വേഗതയിൽ സഞ്ചരിക്കുന്നു.തീവണ്ടിയുടെ വേഗത മണിക്കൂറിൽ $10$മീറ്റർ കുറവായിരുന്നെങ്കിൽ യാത്രയ്ക്ക് $1$ മണിക്കൂർ കൂടുതൽ സമയം വേണ്ടിവരുമായിരുന്നു. തീവണ്ടിയുടെ വേഗത കണക്കാക്കുക

4. ചെസ്സ് ബോഡിലെ ചെറിയ സമചതുരത്തിന്റെ പരപ്പളവ് $6.25$ചതുരശ്ര സെ.മീറ്ററാണ് . ചെസ്സ് ബോഡിന് ചുറ്റുമായി $2$ സെ.മീറ്റർ വീതിയിൽ ബോഡർ ഉണ്ട് . ബോഡർ ഉൾപ്പെടെയുള്ള ബോഡിന്റെ വശത്തിന്റെ വശം കണക്കാക്കുക

5. ഒരു മട്ടത്രികോണത്തിന്റെ ചുറ്റളവ് $60$ സെ.മീ ആണ്. അതിന്റെ കർണ്ണം $25$ സെ.മീറ്റർ ആയാൽ വശങ്ങൾ കണക്കാക്കുക. ത്രികോണത്തിന്റെ പരപ്പളവ് എത്രയായിരിക്കും ?

6. ചതുരാകൃതിയിലുള്ള ഒരു കളിസ്ഥലത്തിന്റെ ചുറ്റളവ് $82$മീറ്റർ .പരപ്പളവ് $400$ചതുരശ്രമീറ്റർ. കളിസ്ഥലത്തിന്റെ നീളവും വീതിയും കാണുക

7. ഒരു പുൽത്തകിടിയുടെ ആകൃതി മട്ടത്രികോണാകൃതിയാണ്. അതിന്റെ ഏറ്റവും നീളം കൂടിയ വശം ഏറ്റവും നീളം കുറഞ്ഞവശത്തിന്റെ രണ്ട് മടങ്ങിനേക്കാൾ $1$ കൂടുതലാണ് . മൂന്നാമത്തെ വശം ഏറ്റവും ചെറിയ വശത്തേക്കാൾ $7$കൂടുതലാണ് . വശങ്ങൾ കാണുക

8. പരപ്പളവ് $5$ ചതുരശ്ര യൂണിറ്റും ചുറ്റളവ് $8$ ചതുരശ്രയൂണിറ്റുമായ ഒരു ചതുരം വരക്കാൻ സാധിക്കുമോ? ഗണിതപരമായി സമർഥിക്കുക

9. $x^2 - 7x + 12 = 0$എന്ന സമവാക്യം വർഗ്ഗത്തികവിലൂടെ പരിഹാരം കാണുക

10. $x^2+px-4=0$എന്ന രണ്ടാംകൃതിസമവാക്യത്തിന്റെ ഒരു പരിഹാരമാണ് $-4$.കൂടാതെ $x^2+px+k=0$ എന്ന സമവാക്യത്തിന്റെ പരിഹാരങ്ങൾ രണ്ടും തുല്യവുമാണ് .$k$ യുടെ വില കണക്കാക്കുക.

## ത്രികോണമിതി

1. ഒരു കൊടിമരത്തിന്റെ ചുവട്ടിൽ നിന്നും $a$അകലെ നിന്നും നോക്കുന്ന ഒരാൾ കൊടിമരത്തിന്റെ മുകളറ്റം $30°$ മേൽക്കോണിലും ചുവട്ടിൽ നിന്നും $b$അകലെ നിന്നും നോക്കുമ്പോൾ മുകളറ്റം $60°$മേൽക്കോണിലും കാണുന്നു. ഈ ആശയം കാണിക്കുന്ന ചിത്രം വരക്കുക.കൊടിമരത്തിന്റെ ഉയരം $h=\sqrt{ab}$എന്ന് സ്ഥാപിക്കുക
2. ഒരു കെട്ടിടത്തിന് $100\sqrt{3}$മീറ്റർ ഉയരം ഉണ്ട് .കെട്ടിടത്തിന്റെ ചുവട്ടിൽ നിന്നും $100$ മീറ്റർ അകലെ നിന്നും ഒരാൾ കെട്ടിടത്തിന്റെ മുകളറ്റത്തേയ്ക്ക് നോക്കുന്നു. നോക്കുന്ന സ്ഥാനത്തുനിന്നും മുകളറ്റത്തേയ്ക്കുള്ള അകലം $100$ മീറ്ററായാൽ എത്ര ഡിഗ്രി മേൽക്കോണിലാണ് കെട്ടിടത്തിന്റെ മുകളറ്റം കാണുന്നത് . ഏകദേശചിത്രം വരക്കുക
3. ഒരു കെട്ടിടത്തിനുമുകളിൽ ഒരു ജലസംഭരണിയുണ്ട് . കെട്ടിടത്തിന്റെ ചുവട്ടിൽ നിന്നും $40$മീറ്റർ അകലെനിന്നും നോക്കുമ്പോൾ കെട്ടിടത്തിന്റെ മുകളറ്റം $30°$മേൽക്കോണിലും , ജലസംഭരണിയുടെ മുകളറ്റം $45$ഡിഗ്രി മേൽക്കോണിലും കാണുന്നു. കെട്ടിടത്തിന്റെ പൊക്കവും , ജലസംഭരണിയുടെ ഉയരവും കണക്കാക്കുക
4. ഒരു കെട്ടിടത്തിന്റെ മുകളിൽ നിന്നും നോക്കുന്ന ഒരാൾ അടുത്തടുത്തുള്ള രണ്ട് കിലോമീറ്റർ ബോഡുകൾ $30°, 45°$ കോണുകളിൽ കാണുന്നു. കെട്ടിടത്തിന്റെ ഉയരം എത്രയായിരിക്കും?
5. $200$ മീറ്റർ ഉയരത്തിൽ പറക്കുന്ന ഒരു വിമാനം ഇരു വശത്തുമുള്ള കണ്ട് സ്ഥാനങ്ങൾ $45°$യിലും $60°$യിലും കാണുന്നു. രണ്ട് സ്ഥാനങ്ങൾ തമ്മിലുള്ള അകലം കണക്കാക്കുക
6. പുഴയ്ക്ക് കുറുകെ പുഴ ഒഴുകുന്ന ദിശയുമായി $45°$രൂപീകരിച്ച് ഒരു പാലം നിർമ്മിച്ചിരിക്കുന്നു. പാലത്തിന് $150$ മീറ്റർ നീളമുണ്ടെങ്കിൽ പുഴയുടെ വീതി കണക്കാക്കുക. ഏകദേശചിത്രം വരക്കുക
7. ത്രികണം $ABC$യുടെ പരിവൃത്തകേന്ദ്രമാണ് $O.BC$യുടെ മധ്യബിന്ദുവാണ് $D$. പരിവൃത്തആരം $6$സെ.മീറ്ററും ചാപം $APB$യുടെ കേന്ദ്രകോൺ $140°$യുമാണ്.




ഞാൺ $AB$യുടെ നീളം കണക്കാക്കുക. $A$യിൽ നിന്നും $BC$യിലേയ്ക്കുള്ള ലംബദൂരം കണക്കാക്കുക

8. താഴെ ചിത്രത്തിൽ കാണിച്ചിരിക്കുന്ന അളവുകൾ ഉപയോഗിച്ച് പട്ടത്തിന്റെ രണ്ട് വികർണ്ണത്തിന്റെയും നീളം കണക്കാക്കുക

